# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. - 4017 20.07.2015- ൽ മറുപടിക്ക്

## പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എസ്.ശർമ്മ** | | **ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണത്തിന് നബാർഡിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;<br>(ബി) എങ്കിൽ എത്രയെന്നും, സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (എ) & (ബി) | പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലം നിർമ്മാണത്തിന് നബാർഡിന്റെ RIDF-XX പദ്ധതിയിലുൾപ്പെടുത്തി 1690 ലക്ഷം രൂപയുടെ ഭരണാനുമതി 2014-15ൽ നൽകിയിട്ടുണ്ട്. ഇതിൽ 1352 ലക്ഷം രൂപ നബാർഡ് വായ്പയാണ്. |
| (സി) ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ;<br>(ഡി) സാങ്കേതികാനുമതിക്കായി ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ സമർപ്പിച്ച തീയതിയും സ്വീകരിച്ച നടപടിയും വിശദമാക്കാമോ; | (സി) & (ഡി) | ഇല്ല. സാങ്കേതികാനുമതിക്കുള്ള അപേക്ഷ ചീഫ് എഞ്ചിനീയറിൽ നിന്നും 14.07.2015ൽ ആണ് സർക്കാരിൽ ലഭിച്ചത്. 15.07.2015ൽ നടന്ന സെക്രട്ടറി തലത്തിലുള്ള Technical Sanction Committee ഇത് പരിഗണിക്കുകയും അനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) സാങ്കേതികാനുമതി നൽകുന്നതിൽ കാലതാമസത്തിനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ; | (ഇ) | സാങ്കേതികാനുമതിക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ 11.02.2015ൽ ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച എസ്റ്റിമേറ്റിൽ അപാകതകൾ കണ്ടെത്തിയതിനാൽ തിരികെ നൽകേണ്ടിവന്നു. തിരുത്തിയ എസ്റ്റിമേറ്റ് 09.04.2015ലാണ് ചീഫ് എഞ്ചിനീയർക്ക് ലഭിച്ചത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 15 കോടി രൂപയ്ക്ക് മുകളിലായതിനാൽ ഈ എസ്റ്റിമേറ്റിന് പൊതുമരാമത്ത് വകുപ്പ് Environment Cellന്റെ പരിശോധനയും ആവശ്യമായി വന്നു. ഈ നടപടിക്രമങ്ങൾ പൂർത്തിയാക്കി 14.07.2015ൽ ആണ് ചീഫ് എഞ്ചിനീയറിൽ നിന്നും ശുപാർശ സർക്കാരിൽ ലഭിച്ചത്. |
| (എഫ്) ടി പ്രവൃത്തി എന്നത്തേക്ക് ടെണ്ടർ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ? | (എഫ്) | Technical Sanction Committee അനുമതി നൽകാൻ തീരുമാനിച്ചതിനാൽ ഇതു സംബന്ധിച്ച് ഉത്തരവ് ഉടൻ നൽകുന്നതും തുടർന്ന് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതുമാണ്. |

സെക്ഷൻ ഓഫീസർ